<u>ഭരണഭാഷ – മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - jdacad@gmail.com,
ഫോൺ : 0471-2580738

നം. HSE/13590/2025-Acd Spl2 തീയതി : 01-10-2025

## <u>വിജ്ഞാപനം</u>

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം - അധ്യാപകർക്കുള്ള മിനി റിസർച്ച് പ്രോഗ്രാം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. 13/06/2025 തിയ്യതിയിലെ G.O(Rt)No.3841/2025/G.EDN
2. 30/07/2025 തിയ്യതിയിലെ G.O(Rt)No.4973/2025/G.EDN

കേരളത്തിലെ ഹയർസെക്കൻഡറി വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് EAP (Enhancement of Academic Programme). പ്രസ്തുത പദ്ധതിയുടെ ഒരു ഭാഗമാണ് അധ്യാപകർക്കിടയിൽ ഗവേഷണാഭിമുഖ്യം വളർത്തുന്നതിനായി അംഗീകരിച്ച മിനി റിസർച്ച് പ്രോഗ്രാം. ഈ പദ്ധതി SCERT കേരള , ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവരുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.

<u>പദ്ധതിയുടെ സവിശേഷതകൾ</u>

- ഹയർസെക്കൻഡറി അധ്യാപകരുടെ ഗവേഷണ ആഭിമുഖ്യം, അഭിരുചി എന്നിവ വർദ്ധിപ്പിക്കുന്നു.

- അധ്യാപകരുടെ അക്കാദമിക് നിലവാരം ഉയർത്തുന്നു.

- ഗവേഷണാർഹമായ വിഷയങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നു. **(50,000 രൂപ മുതൽ 1,50,000 രൂപ വരെ)**
- വിദ്യാഭ്യാസത്തിൻ്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിന് ഗവേഷണ ഫലങ്ങൾ ഉപയോഗിക്കുന്നത്തിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നു.
- വിദ്യാർത്ഥികൾക്ക് കൂടുതൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിനു വഴിയൊരുക്കുന്നു.

**<u>ഗവേഷണ മേഖല</u>**

- ഗവേഷണമേഖല പഠന വിഷയത്തിനനുസരിച്ച് വ്യത്യസ്തമായിരിക്കും.
- പരിഗണിക്കാവുന്ന വിഷയങ്ങൾ: അധ്യാപന -പഠനപ്രവർത്തനങ്ങൾ.
- മൂല്യനിർണ്ണയ പ്രവർത്തനങ്ങളിലെ ആധുനിക പ്രവണതകൾ.
- പാഠ്യപദ്ധതി രൂപീകരണത്തിന്റെ വിവിധങ്ങളായ വശങ്ങൾ
- അധ്യാപക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ.
- വിദ്യാഭ്യാസത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ.
- വിജ്ഞാന സമൂഹത്തിലേക്കുള്ള വികാസത്തിന് വിഷയാടിസ്ഥാനത്തിലുള്ള സാധ്യതകൾ, സാഹിത്യ പഠനങ്ങൾ, വിദ്യാർത്ഥികളുടെ നൂതനാശയങ്ങളെയും സംരഭകത്വത്തെയും പ്രോത്സാഹിപ്പിക്കാനുള്ള സാധ്യതകൾ.

**<u>ഗവേഷണസ്ഥാപനം, മാർഗ്ഗദർശി (Research Institution, Guide)</u>**

- ഈ പദ്ധതി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.
- ഗവേഷണ കുതുകികളായ സർക്കാർ/എയ്ഡഡ് ഹയർ

സെക്കൻഡറി അധ്യാപകർ ഉചിതമായ വിഷയവും അനുയോജ്യമായ ഗവേഷണ സ്ഥാപനത്തെയും മാർഗ്ഗദർശിയേയും കണ്ടെത്തേണ്ടതാണ്.

- ഗവേഷണ സ്ഥാപനമായി ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സർവകലാശാലകൾ, PG പ്രോഗ്രാമുകൾ നിലവിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകൾ എന്നിവയെ തെരഞ്ഞെടുക്കാവുന്നതാണ്.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരെ ഗവേഷണ മാർഗ്ഗദർശികളായി സ്വീകരിക്കാവുന്നതുമാണ്.

**ഗവേഷണ അനുബന്ധചെലവുകൾ (Research Related Expenses)**

**ഗവേഷണവുമായി ബന്ധപ്പെട്ട് അനുബന്ധ ചെലവുകൾക്കായി 50,000 രൂപ മുതൽ 1,50,000 രൂപ വരെ ഗ്രാൻറ് ലഭിക്കും. അധ്യാപകൻ സമർപ്പിക്കുന്ന എസ്റ്റിമേറ്റിന്റെയും വിദഗ്ധ സമിതിയുടെ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. പൂർത്തിയാക്കപ്പെടുന്ന ഗവേഷണ ഉദ്യമത്തിന് മാത്രമേ ഗ്രാന്റ് അനുവദിക്കൂ. പൂർത്തിയാക്കാത്ത ഗവേഷണ പ്രവർത്തനങ്ങളുടെ ചെലവ് അതത് വ്യക്തി വഹിക്കേണ്ടി വരും.** മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന തുക അഡ്വാൻസ് ആയി അധ്യാപകർ ജോലി ചെയ്യുന്ന സ്കൂളിലെ പ്രിൻസിപ്പലിന് അലോട്ട്മെന്റ് ആയി അനുവദിക്കുകയാണ് ചെയ്യുന്നത്. ഗവേഷകന് ആവശ്യകത അനുസരിച്ച് ബില്ലുകൾ കൈമാറി നൽകേണ്ടത് പ്രിൻസിപ്പലാണ്. ബിൽ സെറ്റിൽമെന്റിന്റെ ചുമതലയും ബന്ധപ്പെട്ട പ്രിൻസിപ്പാളിനായിരിക്കും. എയ്ഡഡ് ഹയർസെക്കൻഡറി അധ്യാപകർക്ക് ഫണ്ട് കൈമാറുന്നത് ഒരു ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ മുഖാന്തിരം ആയിരിക്കും.

**ഹാജർനില (Attendance)**

അധ്യാപകരുടെ റിസർച്ച് പരിപാടി ആറുമാസ കാലയളവിലാണ് പൂർത്തീകരിക്കേണ്ടത്. ഗവേഷണ സ്ഥാപനത്തിൽ 30 ദിവസത്തെ ഹാജർ ആവശ്യമാണ്. അധ്യാപകർ ഇതിനുവേണ്ടി ശനിയാഴ്ചയും മറ്റു അവധി ദിവസങ്ങളും പ്രയോജനപ്പെടുത്തേണ്ടതാണ്. പത്തുദിവസത്തെ പ്രത്യേക ഡ്യൂട്ടി ലീവ് ഈ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നതായിരിക്കും. അതോടൊപ്പം തന്നെ സ്ഥാപനമേധാവികളിൽ നിന്നും അർഹതപ്പെട്ട മറ്റ് അവധികൾക്കായി ആവശ്യപ്പെടാവുന്നതാണ്. ഈ കാലയളവിൽ സ്കൂളിലെ അധ്യാപന ചുമതലകൾ വീഴ്ച ഇല്ലാതെ നിർവഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. **ഏതെങ്കിലും കാരണവശാൽ മിനി റിസർച്ച് പൂർത്തിയാകാതിരിക്കുകയോ നിലവാരമില്ലെന്ന് വിലയിരുത്തപ്പെടുകയോ ചെയ്താൽ അനുവദിച്ച ഡ്യൂട്ടി ലീവ് ക്യാൻസൽ ചെയ്യുന്നതും അനുവദിക്കപ്പെട്ട തുക തിരിച്ചുപിടിക്കുന്നതുമായിരിക്കും.**

**അപേക്ഷ പരിശോധന, അനുമതി, പ്രബന്ധ സമർപ്പണം (Application Review, Approval, Thesis Submission)**

**അപേക്ഷകൾ പരിശോധിക്കുന്നതിനായി വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കും. ഈ വർഷം പരമാവധി 50 പേർക്കാണ് അവസരം ലഭിക്കുക.** തെരഞ്ഞെടുക്കപ്പെടുന്ന പ്രൊപ്പോസലുകൾ വിദഗ്ധ കമ്മറ്റിക്ക് മുൻപാകെ അവതരിപ്പിക്കുകയും വിദഗ്ധസമിതിയുടെ അംഗീകാരത്തിന് വിധേയമായി തുടർപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്. **അനുമതി ലഭിച്ചതിനുശേഷം 6 മാസത്തിനകം പ്രബന്ധത്തിന്റെ 2 പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർ പ്പിക്കണം.** പൂർണ്ണമായി സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങളുടെ മികവ് നിർണയിക്കുന്നതിനുള്ള അധികാരം വിദഗ്ധസമിതിക്കായിരിക്കും. നിശ്ചിത നിലവാരമില്ലാത്ത പ്രബന്ധം തള്ളുന്നതിനുള്ള അധികാരവും വിദഗ്ധസമിതി ഉണ്ടായിരിക്കും. **ഗവേഷണപ്രബന്ധങ്ങളുടെ പകർപ്പവകാശം പൊതുവിദ്യാഭ്യാസ വകുപ്പിനായിരിക്കും.** ആയത് വിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യം വെച്ച് പ്രയോജനപ്പെടുത്തുന്നതിനുള്ള അധികാരം വകുപ്പിൽ

നിക്ഷിപ്തമായിരിക്കും. എന്നാൽ ഗവേഷകന്/ഗവേഷകയ്ക്ക് ജേണലുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി വകുപ്പ് നൽകുന്നതായിരിക്കും. പൂർത്തിയാകിയ എല്ലാ പ്രബന്ധങ്ങളും വിദഗ്ധസമിതിയുടെ മുമ്പാകെ അവതരിപ്പിക്കേണ്ടതുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന പ്രബന്ധങ്ങൾ SCERT യുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കാനുള്ള അവസരവും ഉണ്ടായിരിക്കും. സമയബന്ധിതമായി പൂർത്തികരിക്കുകയും വിദഗ്ധസമിതി മുൻപാകെ അവതരിപ്പിക്കുകയും ചെയ്യുന്ന പ്രബന്ധങ്ങൾക്ക് മാത്രമായിരിക്കും സാക്ഷ്യപത്രം നൽകുന്നത്.

<u>അപേക്ഷാ സമർപ്പണം (**Application Submission**)</u>

ഗവേഷണതത്പരരായ അധ്യാപകർ ഇതോടൊപ്പം ഉള്ളടക്കം ചെയ്ത അപേക്ഷ ഫോം, ഗൂഗിൾ ഫോം (**link: https://forms.gle/X424Bc68UKJaCSE98** ) എന്നിവയിൽ വിശദവിവരങ്ങൾ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കണം. അതോടൊപ്പം താഴെകൊടുത്ത രേഖകളും ഉൾപ്പെടുത്തണം.

- വ്യക്തിഗത, സർവ്വീസ് വിവരങ്ങൾ
- ഗവേഷണ സ്ഥാപനം, മാർഗദർശി, സ്ഥാപനമേലധികാരി എന്നിവരുടെ അനുമതിപത്രം, എയ്ഡഡ് സ്കൂളിലെ അധ്യാപകർ മാനേജ് മെന്റിൽ നിന്നുള്ള സമ്മതപത്രം.
- ഗവേഷണ വിഷയത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം (**Synopsis** ഒരു പേജിൽ).
- പ്രതീക്ഷിത ചെലവ് (ഇനം തിരിച്ച്)

പൂർണ്ണമായ അപേക്ഷകൾ **2025** ഒക്ടോബർ **10** നകം ജോയിന്റ് ഡയറക്ടർ

(അക്കാദമിക്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹയർ സെക്കൻഡറി വിഭാഗം, ജഗതി, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കത്തക്ക വിധം സ്പീഡ് തപാലിൽ അയക്കേണ്ടതാണ്. അപൂർണമായ അപേക്ഷകളും വൈകി ലഭിക്കുന്ന അപേക്ഷകളും തിരസ്കരിക്കുന്നതായിരിക്കും.

Signed by
Umesh N S K
Date: 01-10-2025 22:33:42
പൊതു വിദ്യാഭ്യാസ ഡയറക്ടർ

ബന്ധപ്പെട്ട എല്ലാ ഹയർസെക്കൻഡറി അധ്യാപകർ/ പ്രിൻസിപ്പൽ / ആർ ഡി ഡി മാർക്ക്

## Application for Mini Research Programme for

## Higher Secondary School Teachers(2025-26)

| | |
|---|---|
| Name of Teacher | : |
| PEN | : |
| Phone Number (Whats app) | |
| School Code & Address | : |
| Govt/Aided | : |
| Designation with Subject | : |
| Date of Joining as Higher Secondary Teacher | : |
| Whether any disciplinary action initiated/completed (if any,details should be attached) | |
| Did you get any grant and permission under the scheme in previous year(s). | |
| Topic of Research Intended to do (Details should be attached in separate sheet withSynopsis and Relevance of the topic for the improvement of quality Education in Kerala) | : |
| Name of Institution in which Research going to carrying out | : |
| Whether consent of School principal is attached | : |
| Whether consent of research institution is attached | : |
| Whether consent of Guide i sallotted | : |
| whether self-estimated expenditure details attached | |

The above given details are true to the best of my knowledge and belief.

Name and signature

This is to certify that Sri/Smt ………………………………………….is working in this school as HSST/HSST junior ……………. . I here by giving permission to do a mini research without affecting normal duties as HSST/HSST junior ………….. …………..

Name & Designation

Office Seal

This is to give consent to Sri/Smt ……………………………………… …………………………. for using facilities and resources of this institution for doing a mini research programme of General Education Department of Kerala.

Name & Designation

Office Seal

I hereby express my willingness to guide Smt/Sri ………………………..
……………………………. in his/her mini research programme coming under the General Education Department of Kerala.

Name & Designation

Office Seal

https://forms.gle/X424Bc68UKJaCSE98